# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**പഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ്**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1580 13.07.2011-ൽ മറുപടിയ്ക്ക്

| ചോദ്യം<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | മറുപടി<br>ശ്രീ.എം.കെ.മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |
|---|---|
| (എ) പഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തുന്ന ന്യൂനതകൾ യഥാവിധി പരിഹരിക്കുന്നതിന് പഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കാറുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ ഓഡിറ്റ് ന്യൂനതകൾ പരിഹരിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (എ) & (ബി) 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 14(3) വകുപ്പ് പ്രകാരം ആഡിറ്റ് റിപ്പോർട്ട് പഞ്ചായത്തിന് ലഭിച്ച് ഒരു മാസത്തിനുള്ളിൽ പഞ്ചായത്തിൻെറ പ്രത്യേക യോഗം കൂടേണ്ടതും റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്ത പരാമർശത്തിൻമേലുള്ള വ്യക്തമായ തീരുമാനം എടുക്കേണ്ടതുമാണ്. ആഡിറ്റ് റിപ്പോർട്ടിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട തീരുമാനം, പ്രസ്തുത തീരുമാനം എടുത്ത് രണ്ടാഴ്ച്ചക്കം പെർഫോമൻസ് ആഡിറ്റർക്ക് നൽകേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട തീരുമാനവും വിശദമായി പഠിച്ച് ഓഡിറ്റർ ആവശ്യമായ നിർദ്ദേശങ്ങൾ പഞ്ചായത്തിന് നല്കുന്നതാണ്. കൂടാതെ, ഓരോ ത്രൈമാസ ഓഡിറ്റിലും മുൻകാല പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൻമേൽ പഞ്ചായത്ത് എടുത്ത നടപടികളെപ്പറ്റിയുള്ള പരിശോധനയായിരിക്കും ആദ്യ ഇനം. പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിക്കുന്ന പ്രത്യേക പരാമർശവും ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ഓഡിറ്റിംഗ്-ന്യൂനതകളുടെ കണ്ടെത്തലും റിപ്പോർട്ടിംഗും-ന്യൂനതകളുടെ പരിഹരണം |

വീണ്ടും ഓഡിറ്റിംഗ് ഇങ്ങനെയുള്ള ചാക്രികമായ തുടർ പ്രവർത്തനം വഴി ഓഡിറ്റിലൂടെ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് തലം മുതൽ സർക്കാർ തലം വരെ മോണിറ്ററിംഗ് നടക്കുന്നുണ്ട്.

എന്നിരുന്നാലും ഓഡിറ്റ് ന്യൂനതകൾ പരിഹരിക്കുന്നതിന് ഏതെങ്കിലും പഞ്ചായത്ത് വീഴ്ച വരുത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അവ സമയബന്ധിതമായി പരിഹരിക്കുന്നതിന് കർശന നിർദ്ദേശം നല്കുകയും തുടർനടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ